LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും ഇക്കാര്യത്തിൽ തുടർനടപടി എപ്പോൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർമാരായി നേരിട്ട് നിയമനം ലഭിക്കുകയും അപ്രകാരം നിയമനം ലഭിച്ച് പ്രൊമോഷനായി സർവ്വീസിൽ തുടരുന്ന ഉദ്യോഗസ്ഥരുടെയും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ചുവടെ ചേർക്കുന്നു:

1. ഡിഗ്രി/ഡിപ്ലോമ ഇൻ ആട്ടോ മൊബൈൽ/മെക്കാനിക്കൽ എഞ്ചിനീയറിംഗ്.

2. ഹെവി ഡ്യൂട്ടി ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

3. ഡിപ്ലോമ ഉള്ളവർക്ക് ഏതെങ്കിലും സർക്കാർ അംഗീകാരമുള്ള വർക്ക്ഷോപ്പിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയവും, ബി-ടെക് ബിരുദധാരികൾക്ക് ഒരു വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം.

4. ഹവിൽദാർ മെക്കാനിക്കിൽ നിന്നും പ്രൊമോഷൻ ലഭിച്ച് സർവ്വീസിൽ തുടരുന്ന മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർമാരുടെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി., ഐ.റ്റി.ഐ. കൂടാതെ ഹെവി ഡ്യൂട്ടി ഡ്രൈവിംഗ് ലൈസൻസ്, ഹവിൽദാർ മോട്ടോർ മെക്കാനിക്കായി മൂന്നു വർഷത്തെ സേവനം എന്നിവയാണ്.

(ബി&സി) സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**മുൻ മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം**

158 (2106) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിലെ എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്; ഓരോ മുൻ മന്ത്രിമാരുടെയും അവർക്കെതിരെയുള്ള ചാർജ്ജുകളുടെയും വിശദവിവരം നൽകുമോ;

(ബി) ഇതിൽ എത്ര പേർക്കെതിരെ എഫ്.ഐ.ആർ. ചുമത്തി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ) മുൻ സർക്കാരിലെ 9 മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ 6 പേർക്കെതിരെ FIR ചുമത്തി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയിചേർക്കുന്നു.*

**വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ**

159 (2107) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പോലീസ് സേനയിൽ വിജിലൻസ് അന്വേഷണം നേരിടുന്ന എത്ര ഉദ്യോഗസ്ഥരുണ്ട് എന്ന് വെളിപ്പെടുത്തുമോ; ഇവരുടെ റാങ്ക് അനുസരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് വിജിലൻസ് അന്വേഷണം നേരിടുന്ന പത്ത് പോലീസ് ഉദ്യോഗസ്ഥരുണ്ട്. അവരുടെ റാങ്ക് അനുസരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**കുടുംബ കോടതി**

160 (T*2108) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കുന്നതിന് നിയമ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടുംബ കോടതി ഏതു വർഷത്തിലാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) കുടുംബ കോടതിക്ക് എത്ര ജീവനക്കാരാണ് വേണ്ടത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ജീവനക്കാരെ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ ;

(ഡി) 2018 ഡിസംബർ മാസത്തിനു മുൻപ് കുടുംബ കോടതിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കണമെന്ന നെയ്യാറ്റിൻകര ബാർ അസോസിയേഷന്റെ 28-6-2013-ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 29-9-2015-ൽ ഹൈക്കോടതി രജിസ്ട്രാർ (Subordinate Judiciary) ഒരു പ്രൊപ്പോസൽ സർക്കാരിന് നൽകുകയുണ്ടായി. ആയതുപ്രകാരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly